"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാറ്റാടിപ്പാടം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ടിന് ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ, പാറത്തോട് വില്ലേജിൽ പാട്ടത്തിന് അനുവദിച്ച 149.10.53 ഹെക്ടർ ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി, പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ഇ.ബി.എൽ-ന് പാട്ടത്തിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.141/2026/RD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. സ.ഉ(എം.എസ്) നമ്പർ. 261/04/റവ, തീയതി 07.08.2004.
2. ഇടുക്കി ജില്ലാ കളക്ടറുടെ 10.05.2023 ലെ DCIDK/2375/2022-C13 നം കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19.07.2023 ലെ LR/4077/2023-LR(K2) നം കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം, ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ, പാറത്തോട് വില്ലേജിൽ സർവ്വേ നമ്പർ 208/1, 374/3 എന്നിവയിലുൾപ്പെട്ട 149.10.53 ഹെക്ടർ ഭൂമി, കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനായി അനെർട്ടിന് 20 വർഷത്തേക്ക് പാട്ടത്തിന് നൽകിയിരുന്നു.

2. പ്രസ്തുത ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് കെ.എസ്.ഇ.ബി.എൽ ന് സൗജന്യമായി വിട്ടുനൽകുന്നതിന് ഊർജ്ജ വകുപ്പ് ശിപാർശ ചെയ്തിരുന്നു. 4.40 ഏക്കർ സ്ഥലം KSEBL ന് വിട്ടു നൽകുവാൻ അനെർട്ട് സമ്മതം അറിയിച്ചിട്ടുണ്ട്.

3.അനെർട്ട് ടി ഭൂമി നാളിതുവരെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ലാത്തതാണെന്നും, സർക്കാർ ഉത്തരവിൽ പാട്ടഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് നൽകാനോ അന്യാധീനപ്പെടുത്തുവാനോ ദുരുപയോഗം ചെയ്യുവാനോ പാടില്ല തുടങ്ങിയ വ്യവസ്ഥകൾ നിലനിൽക്കുന്നതിനാൽ, കെ.എസ്.ഇ.ബി.എൽ-ന് പാട്ടം അനുവദിക്കുന്ന വിഷയത്തിൽ സർക്കാരിൽ നിന്നും തുടർ ഉത്തരവുകൾ ആവശ്യമാണെന്നും പരാമർശം (2) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4.1964 ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസിൽ, സ്ഥാപനങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടു നൽകുന്നതിന് വ്യവസ്ഥയില്ലായെന്നും വിഷയത്തിന്റെ പ്രാധാന്യം പരിഗണിച്ച് 07.08.2004 ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി, 1964 ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസിലെ ചട്ടം 24 പ്രകാരം സർക്കാരിനുള്ള സവിശേഷ അധികാരം

വിനിയോഗിച്ച് KSEBL ന് 4.40 ഏക്കർ ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കുമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവ് പ്രകാരം, കാറ്റാടിപ്പാടം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ടിന് പാട്ടത്തിന് അനുവദിച്ച ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ, പാറത്തോട് വില്ലേജിൽ സർവ്വേ നമ്പർ 208/1, 374/3 എന്നിവയിൽപ്പെട്ട 149.10.53 ഹെക്ടർ ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി, ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി കമ്പോളവിലയുടെ 2% പാട്ടനിരക്കിൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ഇ.ബി.എൽ-ന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവു.

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിനു/തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi) ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ് .

vii) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല.അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ.കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

viii) പാട്ടതുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്.പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം,സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ്.

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

6.ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ ഇടുക്കി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, ഇടുക്കി.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്.(E-3292345/EXP-D3/170/2025-FIN, dated 05.02.2026)
5. ഊർജ്ജ വകുപ്പ്.

4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3945,തീയതി 13.03.2026).
6. കരുതൽ ഫയൽ (എ2/50/2023/റവ)

ഉത്തരവിൻ പ്രകാരം
Signed by
Prathapachandran S
Date: 16-03-2026 11:54:46
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 13-03-2026

ഫയൽ നം. എ2/50/2023/റവ.    ഇനം നം: 3945

വിഷയം : റവന്യൂ വകുപ്പ് - കാറ്റാടിപ്പാടം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ടിന് ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ പാട്ടത്തിന് അനുവദിച്ച 149.10.53 ഹെക്ടർ ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി, ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി, പുഷ്പകണ്ടത്തിൽ 33/110 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ഇ.ബി.എൽ.-ന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3945

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | എ 2/50/2023/റവ. |
| 2. വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. വിഷയം | : | കാറ്റാടിപ്പാടം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ടിന് ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ പാട്ടത്തിന് അനുവദിച്ച 149.10.53 ഹെക്ടർ ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി, ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി, പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ഇ.ബി.എൽ-ന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിയ്ക്കുന്നത് സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10/03/2026 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. ഊർജ്ജ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ.അനു.എസ്.നായർ |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13/03/2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13/03/2026 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/03/2026 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കാറ്റാടിപ്പാടം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ടിന് ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ പാട്ടത്തിന് അനുവദിച്ച 149.10.53 ഹെക്ടർ ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി, ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി, പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ഇ.ബി.എൽ-ന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിയ്ക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. 07.08.2004 ലെ സ.ഉ(എം.എസ്) നമ്പർ 261/04/റവന്യൂ ഉത്തരവ് പ്രകാരം പാറത്തോട് വില്ലേജിലെ സർവ്വേ നമ്പർ 208/1, 374/3 എന്നിവയിലുൾപ്പെട്ട 149.10.53 ഹെക്ടർ ഭൂമി, കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനായി അനെർട്ടിന് 20 വർഷത്തേക്ക് പാട്ടത്തിന് നൽകിയിരുന്നു.

3.പ്രസ്തുത ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് കെ.എസ്.ഇ.ബി.എൽ ന് സൗജന്യമായി വിട്ടുനൽകുന്നതിന് ഊർജ്ജ വകുപ്പ് ശിപാർശ ചെയ്തിരുന്നു. 4.40 ഏക്കർ സ്ഥലം KSEBL ന് വിട്ടു നൽകുവാൻ അനെർട്ട് സമ്മതം അറിയിച്ചിട്ടുണ്ട്.

4.അനെർട്ട് ടി ഭൂമി നാളിതുവരെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ലാത്തതാണെന്നും, സർക്കാർ ഉത്തരവിൽ പാട്ടഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് നൽകാനോ അന്യാധീനപ്പെടുത്തുവാനോ ദുരുപയോഗം ചെയ്യുവാനോ പാടില്ല തുടങ്ങിയ വ്യവസ്ഥകൾ നിലനിൽക്കുന്നതിനാൽ, കെ.എസ്.ഇ.ബി.എൽ-ന് പാട്ടം അനുവദിക്കുന്ന വിഷയത്തിൽ സർക്കാരിൽ നിന്നും തുടർ ഉത്തരവുകൾ ആവശ്യമാണെന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. 1964 ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസിൽ, സ്ഥാപനങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടു നൽകുന്നതിന് വ്യവസ്ഥയില്ലായെന്നും വിഷയത്തിന്റെ പ്രാധാന്യം പരിഗണിച്ച് 07.08.2004 ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി, 1964 ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസിലെ ചട്ടം 24 പ്രകാരം സർക്കാരിനുള്ള സവിശേഷ അധികാരം വിനിയോഗിച്ച് KSEBL ന് 4.40 ഏക്കർ ഭൂമി

പാട്ടത്തിന് നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കുമെന്നും ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

6.അനെർട്ടിന്റെ പാട്ടക്കാലാവധി 07.08.2024 ന് അവസാനിക്കുകയും പാട്ടം പുതുക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുമാണ്.

7.ടി ഭൂമി കെ.എസ്.ഇ.ബി.എൽ ന് 30 വർഷത്തേയ്ക്ക് 2% പാട്ടനിരക്കിൽ പാട്ടത്തിന് നൽകുന്ന വിഷയത്തിൽ ഊർജ്ജ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കിയിരുന്നു.

*"അനെർട്ടിന് പാട്ടത്തിന് അനുവദിച്ച 149.10.53 ഹെ. ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് കെ.എസ്.ഇ.ബി.എൽ-ന് 30 വർഷത്തേയ്ക്ക് 2% പാട്ടനിരക്കിൽ ലഭ്യമാക്കുന്നതിലേക്കായി നിബന്ധനകൾക്ക് വിധേയമായി നൽകാവുന്നതാണെന്ന് റവന്യൂ വകുപ്പിനെ അറിയിക്കുന്നു."*

8. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ സർവ്വെ നം 208/1, 374/3 എന്നിവയിൽപ്പെട്ട 149.10.53 ഹെ. ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി, ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്ന ആവശ്യത്തിലേയ്ക്ക് വ്യക്തമായ പാട്ടവ്യവസ്ഥകൾ ഉൾപ്പെടുത്തി കൊണ്ട് കെ.എസ്.ഇ.ബി.എൽ-ന് 30 വർഷത്തേയ്ക്ക് 2% പാട്ടനിരക്കിൽ പാട്ടത്തിന് അനുവദിയ്ക്കുന്നതിന് അനുമതി നൽകുന്നു. "*

9. 07.08.2004-ലെ സ.ഉ(എം.എസ്)നമ്പർ.261/04/റവന്യൂ പ്രകാരം കാറ്റാടിപ്പാടം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ടിന് പാട്ടത്തിന് അനുവദിച്ച ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ സർവ്വേ നമ്പർ 208/1, 374/3 എന്നിവയിൽപ്പെട്ട 149.10.53 ഹെക്ടർ ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി, ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ഇ.ബി.എൽ-ന് 30 വർഷത്തേയ്ക്ക് 2% പാട്ടനിരക്കിൽ പാട്ടത്തിന് അനുവദിയ്ക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

07.08.2004-ലെ സ.ഉ (എം.എസ്) നമ്പർ 261/04/റവന്യൂ പ്രകാരം കാറ്റാടിപ്പാടം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ടിന് പാട്ടത്തിന് അനുവദിച്ച ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ സർവ്വേ നമ്പർ 208/1, 374/3 എന്നിവയിൽപ്പെട്ട 149.10.53 ഹെക്ടർ ഭൂമിയിൽ നിന്നും 4.40 ഏക്കർ ഭൂമി, ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ ഭാഗമായി പുഷ്പകണ്ടത്തിൽ 33/110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി കമ്പോളവിലയുടെ 2% പാട്ടനിരക്കിൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ഇ.ബി.എൽ-ന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കാവുന്നതാണോ ?

**<u>നിബന്ധനകൾ</u>**

i)ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ.

ii)ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii)ഭൂമി ഉപപാട്ടത്തിനു/തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv)ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v)ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi)ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ് .

vii)ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല.അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളു.കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

viii)പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്.പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം,സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ്.

ix)മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .